# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1972** — **11/06/2018-ൽ മറുപടിക്ക്**

## ഡോ.കഫീൽ ഖാന്റെ സേവനം

**ചോദ്യം**

**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**

| ചോദ്യം | മറുപടി |
|---|---|
| | **പിണറായി വിജയൻ** (മുഖ്യമന്ത്രി) |
| **എ)** നിപ വൈറസ് ബാധിതരെ സൗജന്യമായി ചികിത്സിക്കുന്നതിന് സന്നദ്ധത പ്രകടിപ്പിച്ച ഉത്തർപ്രദേശ് ഗോരഖ്പൂരിലെ ഡോ.കഫീൽ ഖാൻ സംസ്ഥാനത്ത് വന്ന് സേവനം അനുഷ്ഠിക്കുന്നത് മുഖ്യമന്ത്രി സ്വാഗതം ചെയ്തിരുന്നോയെന്ന് വെളിപ്പെടുത്തുമോ; | **എ) യും ബി) യും** കഫീൽഖാൻ സേവനസന്നദ്ധത അറിയിച്ചിരുന്നു. മുഖ്യമന്ത്രിയും ആരോഗ്യ-വകുപ്പ് മന്ത്രിയും നന്ദി രേഖപ്പെടുത്തുകയും ചെയ്തു. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ഭാഗമായുള്ള വിദഗ്ധ സംഘങ്ങൾ പ്രവർത്തിച്ചു വരികയാണെന്നും സ്ഥിതി-ഗതികൾ ഏകദേശം നിയന്ത്രണ-വിധേയമായിട്ടുണ്ടെന്നും ആവശ്യകത ഉണ്ടാകുന്ന പക്ഷം അറിയിക്കാമെന്നുമാണ് കഫീൽഖാനെ അറിയിച്ചത്. |
| **ബി)** സംസ്ഥാനത്ത് വന്ന് സേവനം നടത്തുവാൻ സന്നദ്ധത പ്രകടിപ്പിച്ച ഡോ.കഫീൽ ഖാന്റെ സേവനം തത്കാലം ആവശ്യമില്ലെന്ന നിലപാട് പിന്നീട് സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ